TB Movie Panel Weekly Review

**#MoviePanel**

"THE LAST TWO DAYS"(OTT: Neestream)

Review by : GS Manesh

"ദി ലാസ്റ്റ് ടൂ ഡേയ്സ്"( അന്വേഷണമല്ല, ജസ്റ്റ് ക്ലോസിംഗ്!) NeeStream റിലീസ് ആയ ഒരു മണിക്കൂർ ദൈർഘ്യം ഉള്ള ചിത്രം. ദീപക് പറമ്പോൾ ആണ് നായകൻ .
മേജർ രവി,മുരളി ഗോപി, ധർമ്മജൻ ബോൾഗാട്ടി , നന്ദൻ ഉണ്ണി എന്നിവരാണ് ചിത്രത്തിലെ മറ്റ് പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിച്ചിരിക്കുന്നത്.സന്തോഷ് ലക്ഷ്മണും, നവനീത് രഘുവും ചേർന്ന് തയ്യാറാക്കിയ തിരക്കഥ സംവിധാനം ചെയ്തിരിക്കുന്നത് സന്തോഷ് ലക്ഷ്മൺതന്നെ ആണ്.
മൂന്ന് യുവാക്കൾ അവർ അംഗങ്ങളായിരുന്ന പാർട്ടി ഉപേക്ഷിച്ചു പുതിയൊരു പാർട്ടി രൂപീകരിച്ചു. ഇലക്ഷനിൽ മത്സരിക്കാനിരുന്ന അവർ പെട്ടെന്ന് അപ്രത്യക്ഷരാകുന്നു . അവരുടെ തിരോധാനം കണ്ടെത്താൻ പോലീസിനാകുന്നില്ല . ഈ ഘട്ടത്തിൽ മേലുദ്യോഗസ്ഥനു വേണ്ടി അൺഒഫിഷ്യലായി കേസന്വേഷണത്തിന് എത്തുന്ന സർക്കിൾ ഇൻസ്പെക്ടർ ശ്രീകാന്തിലൂടെയാണ് ചിത്രം തുടങ്ങുന്നത് . കേസ് ക്ലോസ് ചെയ്യാൻ രണ്ടു ദിവസം മാത്രം മുന്നിൽ , ആ രണ്ടുദിവസങ്ങളിൽ ശ്രീകാന്ത് കണ്ടെത്തുന്ന സത്യാന്വേഷണങ്ങളും അവയുടെ ഞെട്ടിക്കുന്ന നേരറിവുമാണ് ചിത്രം വരച്ചിടുന്നത് .
ഒരു ക്രൈം ത്രില്ലർ ഗണത്തിൽ പെടുത്താമെങ്കിലും , സാധാരണ അനുവർത്തിച്ചു പോരുന്ന ട്വിസ്റ്റുകളോ സസ്പെൻസോ ഒന്നും ഇല്ലാതെയും ക്രൈം ത്രില്ലറുകൾ ഒരുക്കാമെന്നു സന്തോഷ് ലക്ഷ്മണും, നവനീത് രഘുവും നമുക്ക് കാട്ടിത്തരുന്നുണ്ട് . നായക -വില്ലൻ ബിംബങ്ങളിൽ നിന്നും മാറിയുള്ള യാത്ര അഭിനന്ദനാർഹം . വളരെ ചെറിയ വേഷത്തിലെത്തിയ മുരളി ഗോപിയുടെ അസാധ്യ പ്രകടനം ചിത്രത്തിന്റെ ഹൈലൈറ്റ് ആയെങ്കിലും , അയാൾ അവതരിപ്പിച്ച അതീവ ഗുരുതരമായ വിഷയം കുറച്ചുകൂടി സമയമെടുത്ത് വിശദമായി അവതരിപ്പിച്ചെങ്കിൽ നന്നായി എന്ന് തോന്നി (ഇത് ചിത്രത്തിന്റെ എടുത്തു പറയേണ്ട ഒരു പോരായ്മയായി എനിക്ക് തോന്നി ). ഒന്നുകൂടി മിനക്കെട്ടിരുന്നെങ്കിൽ മലയാളത്തിലെ എണ്ണം പറഞ്ഞ ക്രൈം ത്രില്ലറുകളിൽ ഒന്നായി "The Last Two Days" മാറിയേനെ . വളരെ വലിയൊരു ക്രൈം ആണ് ചിത്രത്തിൽ പറയുന്നത് . അത് വേണ്ട രീതിയിൽ പ്രേക്ഷകന് അനുഭവപ്പെടാതെ പോയിട്ടുണ്ടെങ്കിൽ അതിനുത്തരവാദി സംവിധായകൻ മാത്രം .
അരുൺ രാജിൻറെ പശ്ചാത്തല സംഗീതം അതിഗംഭീരം ,വളരെ മികച്ച രീതിയിൽ തന്നെയാണ് ഫൈസൽ അലി ചിത്രത്തിന്റെ ഛായാഗ്രഹണം

നിർവഹിച്ചിരിക്കുന്നത് ഒപ്പം വിനയൻ എംജെയുടെ നല്ല കിടു എഡിറ്റിംഗും.
കഥാന്ത്യത്തിലെ ചിത്രം തീർക്കാനുള്ള ഒരു ധൃതി ഉളവാക്കിയ പാളിച്ച ഒഴിവാക്കിയാൽ ഒരുവട്ടം കാണാൻ പറ്റിയ ഒരു ക്രൈം ത്രില്ലർ ആണ് “The Last Two Days”